# യാചക നിരോധന മേഖലയായി പ്രഖ്യാപിച്ചു

ആലുവ ശിവരാത്രി മഹോൽസവത്തോടനുബന്ധിച്ച് സുഗമമായ നടത്തിപ്പിനും, ഭക്തരുടെ സുരക്ഷയ്ക്കുമായി യാചകരെയും, വഴിയിൽ നടന്ന് വിൽപ്പന നടത്തുന്നവരെയും 13.02.2018 തീയതി മുതൽ ശിവരാത്രി മഹോൽസവം കഴിയുന്നതുവരെ ആലുവ മണപ്പുറം ഭാഗത്തും 2 KM ചുറ്റളവിലും നിരോധിച്ചുകൊണ്ട് ബഹു.അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഉത്തരവ് പുറപ്പെടുവിച്ചു.

ശിവരാത്രി മഹോൽസവത്തോടനുബന്ധിച്ച് മണപ്പുറം ഭാഗം, മംഗലപ്പുഴ പാലം പരിസരം, പറവൂർ കവല, തോട്ടക്കാട്ടുകര, ആലുവ ബൈപാസ്സ്, ബാങ്ക് ജംഗ്ഷൻ, പാലസിന് മുൻവശം, മഹാത്മാഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിന് മുൻവശം പരിസരപ്രദേശങ്ങൾ എന്നിവടങ്ങളിൽ യാചക നിരോധന മേഖലയായി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എറണാകുളം ജില്ലാ പോലിസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് ബഹു.അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് നൽകിയ ലെറ്ററിൻെറ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ശബരിമലയിൽ നടപ്പിലാക്കിയ "ശബരിമല സേഫ് സോൺ" മാതൃകയിൽ ആലുവ ശിവരാത്രിയോടനുബന്ധിച്ച് "സേഫ് സോൺ ശിവരാത്രി പ്രോഗ്രാം" നടപ്പിലാക്കും. ഇതിൻെറ ഭാഗമായി മോട്ടോർ വാഹന വകുപ്പും റൂറൽ പോലീസും സംയുക്തമായി ആലുവ താലൂക്കിൽ 13.02.2018 തീയതി പകലും രാത്രിയുമായി പ്രത്യേക പട്രോളിംഗ് നടത്തുന്നതായിരിക്കും.